# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1619/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 21/03/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-11 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1619/2022 തീയ്യതി: 21/03/2023

## ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-07-2021 മുതൽ 15-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2022 | 15-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-10-2022 | 15-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സണ്ണി എം.യു., ഓഡിറ്റ് ഓഫീസർ
ശ്രീ.എം.എസ്.രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.വിഷ്ണു. പി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഡെന്നിസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോർജ്ജ് ജോസഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ഉദയകുമാർ കെ.പി | സെക്രട്ടറി | 01-04-2021 | 30-06-2021 |
| ശ്രീ പി ഹരിദാസ് | സെക്രട്ടറി | 01-07-2021 | 22-12-2021 |
| ശ്രീ നവാസ് എസ് | സെക്രട്ടറി | 23-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സജീവ് പി.പി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ പ്രമോദ് പി.ബി | അസി.എഞ്ചിനിയർ | 01-04-2021 | 30-04-2021 |
| ശ്രീമതി ചിത്രലേഖ ജി | അസി.എഞ്ചിനിയർ | 01-05-2021 | 22-07-2021 |
| ശ്രീ വിജയകൃഷ്ണൻ ജി | അസി.എഞ്ചിനിയർ | 23-07-2021 | 21-12-2021 |
| ശ്രീമതി മേരി ക്രിസ്റ്റി കെ.ജെ | അസി.എഞ്ചിനിയർ(താൽക്കാലികം) | 22-12-2021 | 31-03-2022 |
| ശ്രീമതി ശാരിക കെ.യു | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. സരീഷ് ചന്ദ്രൻ | മെഡിക്കൽ ഓഫിസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.രജിത വിൻസെന്റ് | മെഡിക്കൽ ഓഫിസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ഗ്ലാഡി എം | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ ജെ ശ്രീകുമാർ | ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി ആതിര കെ.കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ജോൺസൻ മാത്യൂ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ സിജോഷ് ജോർജ്ജ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷിബുമോൾ മോഹനൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 11-11-2021 |
| കുമാരി അസ്മി പി പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-11-2021 | 31-03-2022 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-3-1 |
| 5 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത്. | 1-3-2 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 8 | ക്ഷേമ പദ്ധതികൾ | 1-6 |
| 9 | കാഷ് പരിശോധന | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 12 | വാറ്റ് , ഫ്ലഡ് സെസ്സ് എന്നിവ ഒടുക്കാൻ അവശേഷിക്കുന്നു | 1-9-1 |
| 13 | പണമാക്കി മാറ്റാത്ത ചെക്കുകൾ - സംബന്ധിച്ച് | 1-9-2 |
| 14 | തൊഴിൽ നികുതി - ഡിമാന്റിനേക്കാൾ കൂടുതൽ കളക്ഷൻ | 1-9-3 |
| 15 | സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ വൻ കുടിശ്ശിക | 1-9-4 |
| 16 | വിവിധ വരവിനങ്ങളിലെ കുടിശ്ശിക ചുവടെ ചേർക്കുന്നു | 1-9-5 |
| 17 | D&O ലൈസൻസ് ഫീസ് ഇനത്തിൽ കുടിശ്ശിക | 1-9-6 |
| 18 | ബാധ്യത-ഹെഡിലെ തുകകൾ സംബന്ധിച്ച് | 1-9-7 |
| 19 | ബാങ്ക്/ട്രഷറി റീകൺസിലിയേഷൻ | 1-9-8 |
| 20 | വസ്തു നികുതി- വിസ്തീർണം പരിഗണിക്കാതെ കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചു | 1-10 |
| 21 | വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചു | 1-11 |
| 22 | ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് വാടകക്കുടിശ്ശിക ഈടാക്കി | 1-12 |
| 23 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചു - ₹ 10,40,000/- തടസ്സപ്പെടുത്തുന്നു. | 1-13 |
| 24 | ലൈഫ് ഭവന പദ്ധതിക്കായി ഗുണഭോക്താവിന് ₹ 20000/- അധികമായി നൽകി | 1-14 |
| 25 | കേരള സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നല്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 1-15 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- നിക്ഷേപിച്ച തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 27 | മരുന്നു വാങ്ങൽ പ്രോജക്ട്-വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-17 |
| 28 | സാമൂഹ്യ സുരക്ഷാ പെൻഷൻ- ഗുണഭോക്താവ് മരണപ്പെട്ട ശേഷവും തുക അനുവദിച്ചു | 1-18 |
| 29 | കഞ്ഞിക്കുഴി കിഴങ്ങാനം റോഡ് റീടാറിംഗ്&ഐറിഷ് ഓട നിർമ്മാണം- പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം കരാറുകാരൻ തുടർ പ്രവൃത്തികൾ ചെയ്തിട്ടില്ല | 1-19 |
| 30 | കാലി വീപ്പയുടെ വില ഈടാക്കിയില്ല | 1-20 |
| 31 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-21 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ പരിഷ്കരിച്ച ബജറ്റ് പഞ്ചായത്ത് കമ്മറ്റിയുടെ 04/02/2022-ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | ₹3306504 |
| വരവ് | ₹293589300 |
| ആകെ | ₹296895804 |
| ചെലവ് | ₹291869750 |
| നീക്കിയിരുപ്പ് | ₹5026054 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 28.05.2022 | - | - |

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ്₹ | ആകെ₹ | ചെലവ്₹ | നീക്കിയിരിപ്പ് ₹ |
|---|---|---:|---:|---:|---:|---:|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 37123231 | 37123231 | 35258594 | |
| | എസ്.സി.പി | 0 | 3029400 | 3029400 | 2277000 | |
| | റ്റി.എസ്.പി | 0 | 5565900 | 20099333 | 4200247 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 21124342 | 21124342 | 3516608 | 17607734 |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 10917037 | 10917037 | 8499021 | 2418016 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 11317310 | 11317310 | 4132643 | |
| | റോഡ് | 0 | 16755215 | 16755215 | 8942047 | |
| കേന്ദ്രാവിഷ്കൃത പദ്ധതി | ഐ.സി.ഡി.എസ് | 1057301 | 1051952 | 2109253 | 638278 | 1470975 |
| | ടോട്ടൽ സാനിറ്റേഷൻ (320300115) | 620000 | 180000 | 800000 | 440000 | 360000 |
| | ടോട്ടൽ സാനിറ്റേഷൻ (320300103) | 0 | 620000 | 620000 | 0 | 620000 |
| | പശ്ചിമഘട്ട വികസനം | 294456 | 8857 | 303313 | 0 | 303313 |
| | കോർപ്പസ് ഫണ്ട് (SCP) (320200102) | 394000 | 0 | 394000 | 0 | 394000 |
| | എസ്.എസ്.എ | 47287 | 1158 | 48445 | 0 | 48445 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ശുചിത്വമിഷൻ | 2555662 | 0 | 2555662 | 833280 | 1722382 |
| | ലൈഫ് ഭവന പദ്ധതി (320200305) | 0 | 1934800 | 1934800 | 1934800 | 0 |
| | ജലനിധി | 242918 | 681693 | 924611 | 15782 | 908829 |
| | മഴക്കാല പൂർവ്വ ശുചീകരണം | 180000 | | 180000 | 180000 | 0 |
| | ലൈഫ് ഭവനപദ്ധതി | 0 | | 0 | 0 | 0 |
| | എം. എൽ. എ. ഫണ്ട് | 14181 | 427 | 14608 | 0 | 14608 |
| | ജവഹർഭവന പദ്ധതി | 1000 | | 1000 | 1000 | 0 |
| | സാക്ഷരത | 1720 | 25968 | 27688 | 0 | 27688 |
| | കുടുംബശ്രീ | | | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | വിമുക്തി, ലൈഫ് ഭവന പദ്ധതി | 2000000 | 1208000 (ലൈഫ്) | 3208000 | 0 | 3208000 |
| മറ്റ് ഫണ്ടുകൾ | MLA Fund | 0 | 322 | 322 | 322 | 0 |
| | ആയുർവ്വേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി | 25658 | 0 | 25658 | 0 | 25658 |
| | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 394000 | | 394000 | 394000 | 0 |

വിവിധ ഫണ്ടുകൾ അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതും കൂടി ഉൾപ്പെടുത്തിയ തുകകളാണ് മേൽ കൊടുത്തിരിക്കുന്നത്. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകകളുടെ വിവരങ്ങൾ ഖണ്ഡിക 1-3-1 ൽ കൊടുക്കുന്നു.

## 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

എ) വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി.) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റെസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | വിഹിതം | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 37123231 | 4341333 | 1357800 | 31424098 |
| വികസനഫണ്ട് (SCP) | 3029400 | 117334 | 0 | 2912066 |
| വികസനഫണ്ട് (TSP) | 5565900 | 278667 | 0 | 5287233 |

ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

സി) വികസന ഫണ്ട് SCP യിൽ 75% ഉം, വികസന ഫണ്ട് TSP യിൽ 75.46% ഉം റോഡിതര സംരക്ഷണ ഗ്രാന്റിന്റെ 36.51% ഉം, റോഡ് സംരക്ഷണ ഗ്രാന്റിന്റെ 53.36% ഉം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 15.07.2021-ലെ സ.ഉ.(കൈ)നം.79/2021/ധന പ്രകാരം 2021-22 വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 80% ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ 20% മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്ത് ലഭിക്കുകയുള്ളൂ. ഇപ്രകാരം ക്യാരി ഓവർ ചെയ്യുന്ന 20% കഴിച്ചുള്ള തുക ലാപ്സായി പോകുന്നതാണ്. കൂടാതെ SCP, TSP ഫണ്ടുകളിൽ ക്യാരിഓവർ ചെയ്യുന്ന 20% കഴിച്ചുള്ള തുക പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്യും. ആയതിനാൽ പ്രസ്തുത തുകകൾ അതത് വർഷം തന്നെ പൂർണ്ണമായും ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

| ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | ചെലവ് ശതമാനം | ബാക്കി | അടുത്ത വർഷം ക്യാരി ഓവർ ചെയ്ത് ലഭിക്കുന്ന തുക | ലാപ്സാകുന്ന തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് എസ്.സി.പി. | 3029400 | 2277000 | 75% | 752400 | 605880 | 146520 |
| വികസന ഫണ്ട് ടി.എസ്.പി. | 5565900 | 4200247 | 75.46% | 1365653 | 1113180 | 252473 |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 11317310 | 4132643 | 36.51 | 7184667 | 2263462 | 4921205 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 16755215 | 8942047 | 53.36% | 7813168 | 3351043 | 4462125 |

ഡി) വികസന ഫണ്ട് SCP യിൽ 394000 രൂപ വരവും നീക്കിയിരിപ്പും കാണിച്ചിരിക്കുന്നു. ആയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇ) വിമുക്തി മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-3-2 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത്.

പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കാതെ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയിലെ B-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം/അക്കൗണ്ട് ഹെഡ് | തുക₹ |
|---|---|---|

| | | |
|---|---|---|
| 1 | ടോട്ടൽ സാനിറ്റേഷൻ (320100115) | 360000 |
| 2 | പശ്ചിമ ഘട്ട വികസന പദ്ധതി (320100119) | 303313 |
| 3 | പട്ടികജാതി വികസന പദ്ധതി-(320200102) കോർപ്പസ് ഫണ്ട് (കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം) | 394000 |
| 4 | MLA ഫണ്ട് (320200316) | 14608 |
| 5 | ശുചിത്വ മിഷൻ (320200322) | 1722382 |
| 6 | ജലനിധി (320300102) | 908829 |
| 7 | ടോട്ടൽ സാനിറ്റേഷൻ (320300103) | 620000 |
| 8 | വിമുക്തി, ലൈഫ് ഭവന പദ്ധതി തുടങ്ങിയവ(320300199) | 3280000 |
| 9 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (320700404) | 300000 |
| 10 | മറ്റ് ഗ്രാന്റുകൾ (ആയുർവേദ ഡിസ്പെൻസറി)(320800199) | 25658 |

പ്രസ്തുത തുകകൾ യഥാവിധി ചെലവഴിക്കുകയോ, അല്ലാത്തപക്ഷം ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. ഈ തുകകൾ ഏത് ബാങ്ക് അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിരിക്കുന്നതെന്ന വിവരം ലഭ്യമായിട്ടില്ല. മാത്രമല്ല, ഓരോ ഹെഡിലും ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾ ഏതൊക്കെ വകുപ്പുകളിൽ നിന്ന് ലഭിച്ചതാണെന്നും പ്രത്യേക പദ്ധതികളുടെ വിവരങ്ങളും ലഭ്യമായിട്ടില്ല. പ്രത്യേക ഉദ്ദേശ്യഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിനാൽ തുകകളുടെ പദ്ധതി വിവരങ്ങൾ ലഭ്യമല്ല.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | 164541552 | 173 | 72460411 | 0 | 37 | 44.04 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 34 | 28 | 20823993 | 15866863 | 6 | 76.20 |
| 2. | അസി.എൻജിനീയർ | 99 | 82 | 30143863 | 20254313 | 17 | 67.19 |
| 3. | വെറ്ററിനറി സർജൻ | 7 | 6 | 3117000 | 1471538 | 1 | 47.21 |
| 4. | കൃഷി ഓഫീസർ | 13 | 13 | 8860677 | 6463750 | 0 | 72.95 |
| 5. | എം.ഒ., പി.എച്ച്.സി | 8 | 7 | 2184940 | 1627004 | 1 | 74.46 |
| 6. | ഐ.സി.ഡി.എസ്. | 12 | 11 | 8864047 | 7650681 | 1 | 86.31 |
| 7. | വി.ഇ.ഒ | 23 | 17 | 77430032 | 12621567 | 6 | 16.30 |
| 8. | എം.ഒ., ഹോമിയോ | 2 | 1 | 600000 | 500000 | 1 | 83.33 |
| 9. | ഹെഡ്മാസ്റ്റർ | 4 | 1 | 1290000 | 56524 | 3 | 4.38 |
| 10. | എം.ഒ., ആയുർവ്വേദം | 2 | 2 | 1600000 | 1600000 | 0 | 100 |
| 11. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 5300000 | 3743275 | 0 | 70.63 |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | അസി.സെക്രട്ടറി | 3 | 2 | 550000 | 295780 | 1 | 53.78 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 3777000 | 309116 | 0 | 8.18 |
| | ആകെ | 210 | 173 | 164541552 | 72460411 | 37 | 54.54 |

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 36857940 | 35258594 | 95.66 |
| | പട്ടിക ജാതി വിഭാഗം | 2820000 | 2277000 | 80.74 |
| | പട്ടിക വർഗ്ഗ വിഭാഗം | 4955333 | 4200247 | 84.76 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 21498419 | 12015629 | 55.89 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 3325000 | 1303558 | 39.20 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 28503600 | 192000 | 0.67 |
| തനത് ഫണ്ട് | | 4677342 | 2228672 | 48.50 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | | 6915000 | 0 | 0 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | | 6435606 | 1087707 | 16.90 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 14869000 | 8942047 | 60.13 |
| | റോഡിതരം | 7469699 | 4132643 | 55.33 |
| മറ്റിനം | | 26214613 | 822314 | 3.13 |
| ആകെ | | 164541552 | 72460411 | 44.04 |

1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 358742 | 1807634 | 2166376 | 2161280 | 5096 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 124092634 | 124092634 | 124092634 | 0 |

1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4680 | 3 |
| വാർദ്ധക്യകാലപെൻഷൻ | 34729600 | 2678 |
| കർഷകതൊഴിലാളി പെൻഷൻ | 8762800 | 626 |
| വിധവാപെൻഷൻ | 15248000 | 1012 |
| 50 വയസിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 355200 | 25 |
| വികലാംഗപെൻഷൻ | 5716000 | 389 |

1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4601/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തെരുവ് വിളക്കുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഇതുമായി ബന്ധപ്പെട്ടു നടത്തുന്ന നിക്ഷേപങ്ങളുടെ വിവരം ഉൾപ്പെടുത്തുന്നില്ല. ഇക്കാര്യം മോണിട്ടറിംഗ് നടത്തുകയോ തുടർന്ന് നിരീക്ഷിക്കുവാൻ പര്യാപ്തമായ രീതിയിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

5. പദ്ധതികൾ നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ സ്റ്റാൻഡിംഗ് കമ്മിറ്റികൾ പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

6. പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

7. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ സൂപ്പർവൈസിംഗ് ഓഫീസർ എല്ലാ ദിവസവും സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.

സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല.

8. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

വിവിധ ആവശ്യങ്ങൾക്ക് വാങ്ങിയ സാധന സാമഗ്രികളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

9. തനത് വരുമാനം

ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉയർന്നു വന്നിട്ടില്ല.

### 1-9 വാർഷിക കണക്കിലെ അപാകതകൾ

1. പ്രൊഫഷൻ ടാക്സ്, ലൈസൻസ് ഫീസ്, കെട്ടിട വാടക എന്നിവയുടെ ഡി.സി.ബി എഴുതി സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞില്ല.

2. വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷനെ സാധൂകരിക്കുന്ന രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ (320700204) നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന 7132421/- രൂപയിൽ 2947500/- ഇ.എം.എസ്.ഭവനപദ്ധതിയ്ക്കായി ലഭിച്ച തുകയാണ്. ₹2947500/-യിൽ ₹2892500/- ചെലവഴിച്ചിട്ടുള്ളതാണെങ്കിലും വാർഷിക കണക്ക് ബി4 ഷെഡ്യൂളിൽ മുഴുവൻ തുകയും നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു.

4. സി.എഫ്.സി. ഗ്രാന്റിനത്തിൽ ലഭിച്ച തുക 8555000/-(പലിശ ഉൾപ്പെടെ 8590253/-) അക്കൗണ്ട് ഹെഡിൽ(320200104) വരവ് വയ്ക്കുകയും 31.03.2022ൽ അക്കൗണ്ട് ഹെഡ് 320200111 & 320200112 എന്നിവയിൽ ട്രാൻസ്ഫർ ചെയ്യുകയും ചെയ്തതിനാൽ രണ്ട് പ്രാവശ്യം വരവായി എടുത്തിട്ടുണ്ട്. പ്രസ്തുത കണക്കുകളുടെ കൃത്യത ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-9-1 വാറ്റ് , ഫ്ലഡ് സെസ്സ് എന്നിവ ഒടുക്കാൻ അവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രികയിൽ വാറ്റ്, ഫ്ലഡ് സെസ്സ് എന്നിവ (ബി-9) ബാധ്യതയായി നിലനിൽക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| 350200202 (Recoveries Payable – Value Added Tax | 30876 |
| 350300103 (Government And Other Dues Payable – Value Added Tax) | 28988 |
| 350300116 (Government And Other Dues Payable – Flood Cess) | 650 |
| 350200299 (Other Deductions) | 77124 |

മേൽ തുക അടിയന്തിരമായി ഒടുക്ക് വരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-9-2 പണമാക്കി മാറ്റാത്ത ചെക്കുകൾ - സംബന്ധിച്ച്

വാർഷിക ധനകാര്യ പത്രികയിൽ പണമാക്കി മാറ്റാത്ത ചെക്കുകൾ ബാലൻസ് ഷീറ്റിൽ (ബി-9) ആയി ഉൾപ്പെടുത്തിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Liability In Respect Of Stale Cheques | 93662 |

മേൽ ശീർഷകത്തിൽ ബാധ്യതയായി കാണിച്ചിട്ടുള്ള തുകകൾ പണമാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-9-3 തൊഴിൽ നികുതി - ഡിമാന്റിനേക്കാൾ കൂടുതൽ കളക്ഷൻ

ഇൻകം & എക്സ്പൻഡിച്ചർ പ്രകാരം ഉള്ള ഡിമാന്റിനേക്കാൾ കൂടുതൽ കളക്ഷൻ വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇൻകം & എക്സ്പൻഡിച്ചർ പ്രകാരം വരവ് | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം വരവ് |
|---|---|
| 208700 | 212400 |

### 1-9-4 സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ വൻ കുടിശ്ശിക

ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ 2021-22 വർഷം 1383117/- രൂപയുടെ ബാധ്യത നിലനിൽക്കുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ അതത് വർഷം തന്നെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-9-5 വിവിധ വരവിനങ്ങളിലെ കുടിശ്ശിക ചുവടെ ചേർക്കുന്നു

| ഇനം | കുടിശ്ശിക തുക |
|---|---|
| വസ്തു നികുതി റെസിഡൻഷ്യൽ ബിൽഡിംഗ് | 1503354 |
| വസ്തു നികുതി നോൺ റെസിഡൻഷ്യൽ ബിൽഡിംഗ് | 4317834 |

| | |
|---|---|
| സ്ഥാപന തൊഴിൽ നികുതി | 1383117 |
| കെട്ടിട വാടക | 412280 |
| റെന്റ് ഓൺ ലീസ് | 3100 |
| അദർ റിസീവബിൾസ് | 6054 |

വിവിധ ഇനങ്ങളിൽ കുടിശ്ശിക നിൽക്കുന്ന തുകകൾ സമയബന്ധിതമായി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9-6 D&O ലൈസൻസ് ഫീസ് ഇനത്തിൽ കുടിശ്ശിക

വാർഷിക ധനകാര്യ പത്രിക പ്രകാരം ഡി & ഒ ലൈസൻസ് ഫീസ് ഇനത്തിൽ 199890/- രൂപ കുടിശ്ശികയായി നിലനിൽക്കുന്നു. ലൈസൻസ് ഫീസിനത്തിൻ കുടിശ്ശിക വന്നതിന് വിശദീകരണം വ്യക്തമാക്കേണ്ടതാണ്.

1-9-7 ബാധ്യത-ഹെഡിലെ തുകകൾ സംബന്ധിച്ച്

അക്കൌണ്ട് ഹെഡ് നം.350800199 (Other Creditors) എന്നതിൽ 2500/-യും ഹെഡ് നം.350800299 (Other Liability) എന്ന ഹെഡിൽ 5786937/- ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഈ തുകകൾ ഏതിനത്തിലുള്ള തുകകളാണെന്ന് വ്യക്തമായിട്ടില്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

1-9-8 ബാങ്ക്/ട്രഷറി റീകൺസിലിയേഷൻ

ബാങ്ക്/ട്രഷറി അക്കൌണ്ടുകൾ ഓരോ മാസവും റിക്കൺസിലിയേഷൻ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1-10 വസ്തു നികുതി- വിസ്തീർണം പരിഗണിക്കാതെ കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. സഞ്ചയയിലെ അടിസ്ഥാന നികുതി നിരക്ക് ക്രമീകരണ പട്ടിക പ്രകാരം പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ച താഴെ പറയുന്ന, 100 ച. മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തിന്, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേര് (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധക മാക്കിയ നികുതി നിരക്ക് | ബാധകമാ ക്കേണ്ട നികുതി നിരക്ക് | ബാധക മാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം) ലൈബ്രറി സെസ്സ്) | ബാധക മാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം) ലൈബ്രറി സെസ്സ്) | നഷ്ടം |
|---|---|---|---|---|---|---|
| 12/363 ശ്രീ. സന്തോഷ് വാലുപറമ്പിൽ (നികുതി പ്രാബല്യത്തിൽ വരുന്ന തിയതി – 2013 ഒന്നാം അർദ്ധവർഷം മുതൽ) | 118.68 | 50 | 60 | (വഴി സൗകര്യം 20% വർദ്ധനവ് ) (ഇളവ് കാലപ്പഴക്കം 10%) (6528+327) | (വഴി സൗകര്യം 20% വർദ്ധനവ് ) (ഇളവ് കാലപ്പഴക്കം 10%) (7833+392) | 1305+65 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2 തീയതി 12/10/22) ക്ക് ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി പുനർനിർണ്ണയിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

1-11 വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) അനുസരിച്ച് ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4ാം ചട്ടം 1ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം, ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങൾ "വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗൺ എന്ന ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്." എന്നാൽ കെട്ടിടത്തെ "വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗൺ" എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി കണക്കാക്കേണ്ടിയിരുന്നത് (ഫോം 6). ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് വിഭജിച്ച് നമ്പർ നൽകിയപ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണം 100 ച.മീറ്ററിൽ അധികരിച്ചത് പരിഗണിക്കാതെ ഓരോ കടമുറിക്കും പ്രത്യേകമായി നികുതി നിശ്ചയിച്ചതിനാൽ വസ്തു നികുതിയിൽ നഷ്ടം വന്നിട്ടുണ്ട്.

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയയിലെ ഉപയോഗ ക്രമം | വിസ്തീർണം (ച.മീ.) | നിർണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് | നിർണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്ക് | ബാധക മാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം ലൈബ്രറി സെസ്സ്) | ബാധക മാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം ലൈബ്രറി സെസ് | നഷ്ടം (ഇളവുകളും വർധനവും അടക്കം ലൈബ്രറി സെസ്) |
|---|---|---|---|---|---|---|---|---|---|
| 1 | 12/420/A | മനോജ് ചാക്കോ | ഷോപ്പ് | 34.64 | 50 | 60 | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%)<br>ലൈബ്രറി സെസ് -5%<br>2079+104 | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%)<br>ലൈബ്രറി സെസ് -5%<br>(2495+125) | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%)<br>ലൈബ്രറി സെസ് -5%<br>(416+21) |
| 2 | 12/420/b | | | 27.03 | 50 | 60 | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%)<br>ലൈബ്രറി സെസ് -5%<br>1622+82 | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%)<br>ലൈബ്രറി സെസ് -5%<br>1947+98 | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%)<br>ലൈബ്രറി സെസ് -5%<br>(325+16) |
| 3 | 12/420/c | | | 27.03 | 50 | 60 | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%)<br>ലൈബ്രറി സെസ് -5%<br>1622+82 | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%)<br>ലൈബ്രറി സെസ് -5%<br>1947+98 | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20 %)<br>ലൈബ്രറി സെസ് -5%<br>(325+16) |
| 4 | 12/420/d | | | 27.03 | 50 | 60 | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%)<br>ലൈബ്രറി സെസ് -5%<br>1622+82 | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%)<br>ലൈബ്രറി സെസ് -5%<br>1947+98 | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%)<br>ലൈബ്രറി സെസ് -5%<br>(325+16) |
| 5 | 12/420/e | | | 22.4 | 50 | 60 | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%) | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%) | ഇളവ്-ഇല്ല<br>വർദ്ധന-വഴിസൗകര്യം (20%) |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | ലൈബ്രറി സെസ് -5% 1344+68 | ലൈബ്രറി സെസ് -5% 1613+81 | ലൈബ്രറി സെസ് -5% (269+13) |

മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി നിർണയത്തിലെ അപാകത പരിഹരിച്ച് പുതിയ നിരക്കിലുള്ള നികുതി കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2, 11/10/2022) ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ മേൽ പരാമർശിച്ച പ്രകാരം തെറ്റായ രീതിയിൽ നികുതി അസസ് ചെയ്തിരിക്കുന്ന മുഴുവൻ വാണിജ്യകെട്ടിടങ്ങളുടെയും വിവരം പരിശോധിച്ച് നികുതി പുനർനിർണയിക്കേണ്ടതാണ്.

1-12 ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് വാടകക്കുടിശ്ശിക ഈടാക്കി

2021-22 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ വാടകക്ക് നൽകിയ താഴെപ്പറയുന്ന മുറിയുടെ വാടക ഈടാക്കിയിരുന്നില്ല.

| ക്രമ നം. | കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസം ഈടാക്കേണ്ട വാടക | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി | കുടിശ്ശിക |
|---|---|---|---|---|---|
| 1. | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് - KTD-15 | മൂർത്തി, പുത്തൻപുരയ്ക്കൽ | 805 | 05/2021 മുതൽ 03/2022 വരെ | 8855(805*11) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.3 തീയതി 12.10.2022) യെത്തുടർന്ന് വാടകക്കുടിശ്ശിക പലിശയടക്കം രൂപ 17751/- 13.10.2022 ലെ രസീത് നം.1220202550 പ്രകാരം ഈടാക്കിയിട്ടുണ്ട്.

1-13 വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചു - ₹ 10,40,000/- തടസ്സപ്പെടുത്തുന്നു.

I. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പിലാക്കിയ വീട് മെയിന്റനൻസ് എന്ന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് അവസാന ഗഡു നൽകിയിരിക്കുന്നത് എന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. വീട് മെയിന്റനൻസ് - (എസ്.റ്റി), 32/2022

പദ്ധതി വിഹിതം – 15,00,000/- (വികസനഫണ്ട്, സി.എഫ്.സി)

| | പേര് | ആദ്യ ഗഡു (ബിൽ നമ്പർ ) | തുക | രണ്ടാം ഗഡു (ബിൽ നമ്പർ) | തുക |
|---|---|---|---|---|---|
